LIBRARY ARCHIVES Kerala Legislative Assembly

ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ കോർപ്പസ് ഫണ്ട്

88 [189] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ കോർപ്പസ് ഫണ്ടിൽ 2004-2005 വർഷം എന്തു തുകയാണ് ലഭ്യമായിട്ടുള്ളത് എന്നും ഇതിൽ എത്ര രൂപ ചെലവഴിച്ചു എന്നും വെളിപ്പെടുത്തുമോ;

(ബി) ഓരോ ജില്ലയിലും കോർപ്പസ് ഫണ്ടിൽ നീക്കിവച്ച തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) കണ്ണൂർ ജില്ലയിലെ കാഞ്ഞിരക്കൊല്ലി, ചീത്തപ്പാറ (പയ്യാവൂർ പഞ്ചായത്ത്) ട്രൈബൽ കോളനികളുടെ വൈദ്യുതീകരണ പ്രവർത്തി കോർപ്പസ് ഫണ്ടിൽപ്പെടുത്തി ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2004-2005 വർഷം ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ കോർപ്പസ് ഫണ്ടിൽ 1879.76 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 933.85 ലക്ഷം രൂപയ്ക്കുള്ള പ്രോജക്ടുകൾക്ക് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഓരോ ജില്ലയ്ക്കും പ്രത്യേകിച്ച് കോർപ്പസ് ഫണ്ടിൽ നിന്നും തുക നീക്കി വച്ചിട്ടില്ല.

(സി) കണ്ണൂർ ജില്ലയിലെ പയ്യാവൂർ പഞ്ചായത്തിലെ കാഞ്ഞിരക്കൊല്ലി, ചീത്തപ്പാറ ട്രൈബൽ കോളനികളുടെ വൈദ്യുതീകരണത്തിനുള്ള പ്രോജക്ട് പ്രൊപ്പോസലുകൾ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ആദിവാസികൾക്ക് വനഭൂമി നൽകാനുള്ള നടപടി

89 [190] *ശ്രീ. റോഷി അഗസ്റ്റിൻ:*
,, *കെ. നാരായണക്കുറുപ്പ്:*
,, *തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് വനഭൂമി നൽകാനുള്ള നടപടി ഏത് ഘട്ടംവരെയായി എന്നറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നിയമതടസ്സം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് നീക്കാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ;